# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2432 08.05.2017- ൽ മറുപടിക്ക്

**റവന്യൂ വകുപ്പിൽ നിന്നും എല്ലാ സർട്ടിഫിക്കറ്റുകളും ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.സി.കൃഷ്ണൻ**<br>**" പി.കെ. ശശി**<br>**" മുരളി പെരുനെല്ലി**<br>**" ജോർജ് എം. തോമസ്** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ നിന്നും എല്ലാ സർട്ടിഫിക്കറ്റുകളും ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ലാൻഡ് റവന്യൂ വകുപ്പിൽ നിന്നും നൽകി വരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ഓൺലൈനായി നൽകി വരുന്നു. |
| (ബി) | നിലവിൽ ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഓൺലൈനായി ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ താഴെ പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകി വരുന്നു.<br><br>1. ജാതി സർട്ടിഫിക്കറ്റ്<br>2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്<br>3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്<br>4. ബന്ധുത്വ സർട്ടിഫിക്കറ്റ്<br>5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്<br>6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്<br>7. വരുമാന സർട്ടിഫിക്കറ്റ്<br>8. കൈവശാവകാശ സർട്ടിഫിക്കറ്റ്<br>9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്<br>10. പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ്<br>11. സോൾവെൻസി സർട്ടിഫിക്കറ്റ്<br>12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്<br>13. കൺവെർഷൻ സർട്ടിഫിക്കറ്റ്<br>14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്<br>15. അഗതി സർട്ടിഫിക്കറ്റ്<br>16. കുടുംബാഗത്വ സർട്ടിഫിക്കറ്റ്<br>17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്<br>18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്<br>19. ലൈഫ് സർട്ടിഫിക്കറ്റ്<br>20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്<br>21. പൊസഷൻ ആന്റ് നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്<br>22. വാല്വേഷൻ സർട്ടിഫിക്കറ്റ്<br>23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്<br>24. മൈനോരിറ്റി സർട്ടിഫിക്കറ്റ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വകുപ്പിൽ നിന്നും നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെയും വരുമാന സർട്ടിഫിക്കറ്റിന്റെയും കാലാവധി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ: എങ്കിൽ വിശദാംശം നൽകുമോ: | (സി) | പരിവർത്തിത ക്രൈസ്തവരുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് ഒരു വർഷമായും മറ്റ് വിഭാഗങ്ങളുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് മൂന്ന് വർഷമായും നിശ്ചയിക്കുന്നതിന് റവന്യൂ, പട്ടികജാതി പട്ടികവർഗ്ഗ വികസന & പിന്നോക്ക സമുദായ വികസന വകുപ്പുകളുടെ സംയുക്ത യോഗത്തിൽ തീരുമാനി ച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച കാര്യങ്ങളിൽ നടപടി സ്വീകരിച്ചു വരുന്നു.<br>വരുമാന സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് നിലവിൽ ഒരു വർഷമാണ്.<br>ആയത് വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടില്ല. |
| (ഡി) | നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ കാലാവധി ആജീവനാന്തമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | 27.04.2007 ൽതന്നെ സ.ഉ(കൈ) നം.136/2007/റവ പ്രകാരം നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ കാലാവധി ആജീവനാന്തമാക്കിയിട്ടുണ്ട് . |

സെക്ഷൻഓഫീസർ